# 2025 -ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്ക്കരണ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2025 ഒക്ടോബർ 7-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്ക്കരണ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

2025 ഒക്ടോബർ 7-ാം തീയതി സമർപ്പിച്ചത്

1102/2025.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| 1. സമിതിയുടെ ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം : | | |
| സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 5 |

# സബ്ജക്ട് കമ്മിറ്റി II
# ഭൂനികുതിയും ദേവസ്വവും
# (2023 -2026)

**ഘടന**

ചെയർപേഴ്സൺ:

ശ്രീ. കെ. രാജൻ,
ബഹു. റവന്യൂ- ഭവനനിർമ്മാണ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. വി. എൻ. വാസവൻ,
ബഹു. തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. അഹമ്മദ് ദേവർകോവിൽ

ഡോ. എൻ. ജയരാജ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എം. രാജഗോപാലൻ

ശ്രീ. സനീഷ് കുമാർ ജോസഫ്

ശ്രീ. പി. വി. ശ്രീനിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

# 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്ക്കരണ) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കായി അയച്ച 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്ക്കരണ) ബിൽ (ബിൽ നമ്പർ 272), കമ്മിറ്റി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്ക്കരണ) ബിൽ 2025 സെപ്റ്റംബർ 15-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2025 ഒക്ടോബർ 6-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2025 ഒക്ടോബർ 6-ാം തീയതി സഭാസമ്മേളനത്തിനുശേഷം സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

**ദീർഘശീർഷകം**

1) ദീർഘശീർഷകത്തിലെ "ക്രമവത്ക്കരിക്കുന്നതിനും" എന്ന വാക്കിന് മുൻപായി "നിശ്ചയിക്കുന്നതിനും" എന്ന വാക്ക് ചേർക്കുക.

**പീഠിക**

2) പീഠികയിലെ "ക്രമവത്ക്കരിക്കുന്നതിനും" എന്ന വാക്കിന് മുൻപായി "നിശ്ചയിക്കുന്നതിനും" എന്ന വാക്ക് ചേർക്കുക.

**ഖണ്ഡം 1**

3) ഖണ്ഡം 1-ലെ "ക്രമവത്ക്കരണ" എന്ന വാക്കിനു പകരം "നിശ്ചയിക്കലും ക്രമവത്ക്കരണവും" എന്ന് ചേർക്കുക.

**ഖണ്ഡം 2**

4) ഖണ്ഡം 2-ലെ നിലവിലുള്ള (എ) മുതൽ (എച്ച്) വരെയുള്ള ഇനങ്ങളെ താഴെപ്പറയുന്ന പ്രകാരം പുനഃക്രമീകരിച്ച് പുനരക്ഷരം ചെയ്യുക, അതായത്:—

"(എ) ഉടമസ്ഥാവകാശ സാക്ഷ്യപത്രം

(ബി) ഡിജിറ്റൽ റീസർവ്വേ

(സി) അധികഭൂമി

(ഡി) സർക്കാർ

(ഇ) വിജ്ഞാപനം

(എഫ്) നിർണ്ണയിക്കപ്പെട്ട

(ജി) സ്വകാര്യഭൂമി

(എച്ച്) ക്രമവത്ക്കരണം".

5) പുനരക്ഷരം ചെയ്ത പ്രകാരമുള്ള (എ) ഇനത്തിനു പകരം താഴെ പറയുന്ന ഇനം ചേർക്കുക, അതായത്:—

"(എ) "ഉടമസ്ഥാവകാശ സാക്ഷ്യപത്രം" എന്നാൽ സ്വകാര്യഭൂമിയിൽ കണ്ടെത്തുന്ന അധികഭൂമി സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും വ്യവസ്ഥകൾക്കും വിധേയമായി നിർണ്ണയിക്കപ്പെടാവുന്ന അധികാരസ്ഥാനം നൽകുന്ന രേഖ എന്നർത്ഥമാകുന്നു;" .

6) പുനരക്ഷരം ചെയ്ത പ്രകാരമുള്ള (എ) ഇനത്തിൽ,—

(i) കുറിപ്പ് I -നു പകരം താഴെ പറയും പ്രകാരം ചേർക്കുക, അതായത്:—

"കുറിപ്പ് : ഇപ്രകാരം അനുവദിക്കുന്ന ഉടമസ്ഥാവകാശ സാക്ഷ്യപത്രത്തിന്റെ ഓരോ പകർപ്പ് റവന്യൂ വകുപ്പിന്റെയും രജിസ്ട്രേഷൻ വകുപ്പിന്റെയും ഡേറ്റാബേസിൽ സൂക്ഷിക്കേണ്ടതാണ്.";

(ii) കുറിപ്പ് 2 ഒഴിവാക്കുക.

7) പുനരക്ഷരം ചെയ്ത പ്രകാരമുള്ള (സി) ഇനത്തിലെ,—

(i) "അധികഭൂമി കൈവശം" എന്നതിലെ "കൈവശം" എന്ന വാക്ക് ഒഴിവാക്കുക;

(ii) "ഭൂമിയുടെ" എന്ന വാക്കിനു പകരം "സ്വകാര്യഭൂമിയുടെ" എന്ന വാക്ക് ചേർക്കുക;

(iii) "തനിക്ക്" എന്ന വാക്ക് ഒഴിവാക്കുക;

(iv) "തന്റെ " എന്ന വാക്ക് ഒഴിവാക്കുക.

8) പുനരക്ഷരം ചെയ്ത പ്രകാരമുള്ള (എച്ച്) ഇനത്തിനുശേഷം ഇനം (ഐ) ആയി താഴെ പറയും പ്രകാരം ചേർക്കുക, അതായത്:—

"(ഐ) "നിശ്ചയിക്കൽ" എന്നാൽ ഉടമസ്ഥാവകാശ സാക്ഷ്യപത്രം അനുവദിക്കുന്നതിനുള്ള അർഹത ഉറപ്പാക്കൽ എന്നർത്ഥമാകുന്നു." .

**ഖണ്ഡം 3**

9) ഖണ്ഡം 3-ൽ "കൈവശം" എന്ന വാക്ക് വരുന്നിടത്തെല്ലാം ആയത് ഒഴിവാക്കുക.

**ഖണ്ഡം 4**

10) (i) ഖണ്ഡം 4-ന്റെ മാർജിനൽ ശീർഷകത്തിലെ "അധിക ഭൂമി കൈവശത്തിന്" എന്ന വാക്കുകൾ ഒഴിവാക്കുക;

(ii) ഖണ്ഡം 4(1)-ന് പകരം താഴെ പറയും പ്രകാരം ചേർക്കുക, അതായത്:—

"(1) അധികഭൂമി രേഖപ്പെടുത്തപ്പെട്ട സംഗതികളിൽ നിർണ്ണയിക്കപ്പെടുന്ന വ്യവസ്ഥക ൾക്കും നിബന്ധനകൾക്കും പരിധിക്കും വിധേയമായി നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനത്തിന് നിർണ്ണയിക്കപ്പെടുന്ന പ്രകാരം അധികഭൂമിക്ക് ഉടമസ്ഥത നിശ്ചയിച്ചും ക്രമവത്ക്കരിച്ചും, ഉടമസ്ഥാവകാശ സാക്ഷ്യപത്രം അനുവദിക്കാവുന്നതാണ്:

എന്നാൽ, അധികഭൂമി ഉൾപ്പെടുന്ന സ്വകാര്യഭൂമിയുടെ സബ് ഡിവിഷൻ ഉൾപ്പെടുന്ന സർവ്വേ നമ്പറിനോട് ചേർന്ന് സർക്കാർ ഭൂമി ഉണ്ടായിരിക്കുന്നപക്ഷം, അത്തരം സർക്കാർ ഭൂമിയുടെ വിസ്തീർണ്ണത്തിൽ കുറവുണ്ടാകുന്ന വിധത്തിൽ സ്വകാര്യഭൂമിയിലെ അധികഭൂമിക്ക് ഉടമസ്ഥാവകാശ സാക്ഷ്യപത്രം അനുവദിക്കുന്നതല്ലാത്തതാണ്." ;

(iii) ഖണ്ഡം 4(2) ഒഴിവാക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക;

(iv) പുനരക്കം ചെയ്ത പ്രകാരമുള്ള (2)-ാം ഉപഖണ്ഡം താഴെ പറയും പ്രകാരം മാറ്റുക, അതായത്:—

"(2) ഉടമസ്ഥാവകാശ സാക്ഷ്യപത്രം, അപ്രകാരമുള്ള അധികഭൂമിയുടെ ആധികാരിക രേഖ ആയിരിക്കുന്നതാണ്." ;

(v) പുനരക്കം ചെയ്ത പ്രകാരമുള്ള (4) -ാം ഉപഖണ്ഡത്തിലെ,—

(a) "ഉടമസ്ഥാവകാശ സാക്ഷ്യപത്രത്തിനായുള്ള ഒരു അപേക്ഷയിൻമേൽ ഒരു അധികാരസ്ഥാനം കൈക്കൊണ്ട തീരുമാനത്തിൽ ആക്ഷേപം ഉള്ള അപേക്ഷകനോ,

അങ്ങനെയുള്ള അപേക്ഷയിൽ ഒരു അധികാരസ്ഥാനം എടുത്ത തീരുമാനത്തെത്തുടർന്ന് സങ്കടമനുഭവിക്കുന്ന ഏതൊരാളിനുമോ" എന്നതിന് പകരം "ഈ ആക്റ്റിന്റെയും ചട്ടത്തിന്റെയും കീഴിലുള്ള അധികാരസ്ഥാനം എടുത്ത തീരുമാനത്തെത്തുടർന്ന് സങ്കടമനുഭവിക്കുന്ന ഏതൊരാളിനും" എന്ന് ചേർക്കുക;

(b) "ഫീസ് ഒടുക്കിക്കൊണ്ട്" എന്ന വാക്കുകൾ ഒഴിവാക്കുക;

(c) ക്ലിപ്തനിബന്ധനയിലെ "അറുപത് ദിവസത്തിൽ അധികരിക്കാത്ത വിധം" എന്നീ വാക്കുകൾ ഒഴിവാക്കുക.

**ഖണ്ഡം 7**

11) ഖണ്ഡം 7-ലെ,—

(i) "കൈവശം" എന്ന വാക്ക് ഒഴിവാക്കുക;

(ii) ഇനം (എഫ്)-ലെ "അല്ലെങ്കിൽ" എന്ന വാക്ക് ഒഴിവാക്കുക;

(iii) ഇനം (ജി)-ലെ "സംഗതികളിലും" എന്ന വാക്കിന് ശേഷം വരുന്ന "ഉണ്ടായിരിക്കുന്നതാണ്." എന്നത് അടുത്ത വരിയിലേക്ക് മാറ്റുക.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

**കെ. രാജൻ,**

തിരുവനന്തപുരം,

*ചെയർപേഴ്സൺ,*

2025 ഒക്ടോബർ 7.

*സബ്ജക്ട് കമ്മിറ്റി II.*

അനുബന്ധം

# 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്ക്കരണ) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത് )

[അടിയിൽ വരച്ചിരിക്കുന്നതും വശത്തു വരച്ചിരിക്കുന്നതും സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെയും നക്ഷത്രചിഹ്നം ഒഴിവാക്കിയതിനേയും സൂചിപ്പിക്കുന്നു.]

കേരള സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ വഴി ഭൂരേഖകൾ ആധികാരിക മാക്കുമ്പോൾ, വ്യക്തികളുടെ കൈവശത്തിലും അനുഭവത്തിലും ഉള്ള അധികഭൂമിക്ക്, അവ തർക്കരഹിതമായും നിയമപരമായും വ്യവഹാരരഹിതമായും കൈവശം വച്ചിട്ടുള്ളതാണെങ്കിൽ, അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിലേയ്ക്കായി, സർക്കാർ ഭൂമി സംരക്ഷിച്ചുകൊണ്ട് അങ്ങനെയുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം നിശ്ചയിക്കുന്നതിനും ക്രമവത്ക്കരിക്കുന്നതിനും അങ്ങനെയുള്ള ഭൂമി കൈവശം വച്ചിട്ടുള്ള വ്യക്തിയുടെയോ/ വ്യക്തികളുടെയോ പേരിൽ നിയമപ്രകാരമുള്ള സാക്ഷ്യപത്രം അനുവദിച്ചുനൽകുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ വഴി ഭൂരേഖകൾ ആധികാരിക മാക്കുമ്പോൾ, വ്യക്തികളുടെ കൈവശത്തിലും അനുഭവത്തിലും ഉള്ള അധികഭൂമിക്ക്, അവ തർക്കരഹിതമായും നിയമപരമായും വ്യവഹാരരഹിതമായും കൈവശം വച്ചിട്ടുള്ളതാണെങ്കിൽ, അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിലേയ്ക്കായി, സർക്കാർ ഭൂമി സംരക്ഷിച്ചുകൊണ്ട് അങ്ങനെയുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം നിശ്ചയിക്കുന്നതിനും ക്രമവത്ക്കരിക്കുന്നതിനും അങ്ങനെയുള്ള ഭൂമി കൈവശം വച്ചിട്ടുള്ള വ്യക്തിയുടെയോ/വ്യക്തികളുടെയോ പേരിൽ നിയമപ്രകാരമുള്ള സാക്ഷ്യപത്രം അനുവദിച്ചുനൽകുന്നതിനും വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (നിശ്ചയിക്കലും ക്രമവത്ക്കരണവും) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത്, സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതും വ്യത്യസ്ത പ്രദേശങ്ങൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതുമാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ഉടമസ്ഥാവകാശ സാക്ഷ്യപത്രം" എന്നാൽ സ്വകാര്യഭൂമിയിൽ കണ്ടെത്തുന്ന അധികഭൂമി സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും വ്യവസ്ഥകൾക്കും വിധേയമായി നിർണ്ണയിക്കപ്പെടാവുന്ന അധികാരസ്ഥാനം നൽകുന്ന രേഖ എന്നർത്ഥമാകുന്നു;

കുറിപ്പ് : ഇപ്രകാരം അനുവദിക്കുന്ന ഉടമസ്ഥാവകാശ സാക്ഷ്യപത്രത്തിന്റെ ഓരോ പകർപ്പ് റവന്യൂ വകുപ്പിന്റെയും രജിസ്ട്രേഷൻ വകുപ്പിന്റെയും ഡേറ്റാ ബേസിൽ സൂക്ഷിക്കേണ്ടതാണ്.

[***]

(ബി) "ഡിജിറ്റൽ റീസർവ്വേ" എന്നാൽ സർക്കാർ നിർദ്ദേശപ്രകാരം കേരള സംസ്ഥാനത്ത് സർവ്വേയും ഭൂരേഖയും വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെ നടത്തിയ റീസർവ്വേ എന്ന് അർത്ഥമാകുന്നതും, അതിൽ ഏതെങ്കിലും ഏജൻസികളോ, ഭൂവുടമകളുടെ ആവശ്യപ്രകാരം സ്വകാര്യ വ്യക്തികളോ ഏജൻസികളോ നടത്തിയ ഡിജിറ്റൽ സർവ്വേ ഉൾപ്പെടാത്തതുമാകുന്നു;

(സി) "അധികഭൂമി [***]" എന്നാൽ ഒരു വ്യക്തി നിരാക്ഷേപമായി പൂർണ്ണമായ ഉടമസ്ഥതയോടെ കൈവശം വച്ച്, ഭൂനികുതി ഒടുക്കിവരുന്ന സ്വകാര്യഭൂമിയുടെ തർക്കരഹിതമായ അതിർത്തികൾക്കുള്ളിൽ വരുന്നതും, രേഖാമൂലം [***] ഭൂമി ലഭിച്ചപ്പോൾത്തന്നെ പ്രസ്തുത ഭൂമിയോടൊപ്പം ഉൾപ്പെട്ടിരുന്നതും, എന്നാൽ ആയതിനു ഉടമസ്ഥാവകാശരേഖയില്ലാതിരുന്നതും, ഡിജിറ്റൽ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞപ്പോൾ ഉടമസ്ഥാവകാശരേഖയിൽ ഉള്ളതിനേക്കാൾ അധികമായി [***]

കൈവശത്തിൽ ഉണ്ട് എന്ന് ഡിജിറ്റൽ റീസർവ്വേ റെക്കോർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതും, അവകാശത്തർക്കങ്ങളില്ലാത്തതും, സർക്കാർ ഭൂമി ഉൾപ്പെടാത്തതും, വ്യവഹാരങ്ങളിൽപ്പെടാത്തതും, തൽസമയം പ്രാബല്യത്തിലുള്ള മറ്റു നിയമങ്ങൾ പ്രകാരം സർക്കാരിലോ മറ്റു വ്യക്തികളിലോ സ്ഥാപനങ്ങളിലോ നിക്ഷിപ്തമാക്കപ്പെടാത്തതുമായ ഭൂമി എന്നർത്ഥമാകുന്നു;

വിശദീകരണം 1 : ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി "ഉടമസ്ഥാവകാശരേഖ" എന്നതിൽ ആധാരം, ഡിക്രി, സെറ്റിൽമെന്റ് രജിസ്റ്റർ അഥവാ അടങ്കൽ എന്നിവ ഉൾപ്പെടുന്നതാകുന്നു.

വിശദീകരണം 2 : ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി, വ്യക്തി എന്നതിൽ സ്ഥാപനം, കമ്പനി, ഏകാംഗീകൃത നികായം എന്നിവയും ഉൾപ്പെടുന്നതാകുന്നു.

(ഡി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഇ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജി) "സ്വകാര്യഭൂമി" എന്നാൽ ഒരു വ്യക്തിയുടെ കൈവശത്തിലും അനുഭവത്തിലും ഉടമസ്ഥാവകാശരേഖകളുടെ അടിസ്ഥാനത്തിൽ ഇരിക്കുന്നതും എന്നാൽ 1963- ലെ കേരള ഭൂപരിഷ്കരണ ആക്റ്റ് (1964-ലെ 1) പ്രകാരം ഇളവ് നൽകിയ ഭൂമിയോ, ഏതെങ്കിലും ഭൂപതിവ് നിയമപ്രകാരമോ ചട്ടങ്ങൾ പ്രകാരമോ, കേരള ഭൂപരിഷ്കരണ നിയമപ്രകാരമോ പതിച്ച് നൽകിയ ഭൂമിയോ, പാട്ടത്തിലോ ഗ്രാന്റിലോ സർക്കാർ അനുവദിച്ച ഭൂമിയോ ഉൾപ്പെടാത്തതും, വിലയാധാരം, ദാനം, ഭാഗപത്രം, വിൽപ്പത്രം, പരസ്പരമാറ്റം എന്ന് തുടങ്ങിയ ആധികാരികമായ ഉടമസ്ഥാവകാശരേഖയിലൂടെ ലഭിച്ച ഭൂമി എന്നും അർത്ഥമാകുന്നു;

(എച്ച്) "ക്രമവത്ക്കരണം" എന്നാൽ നിരാക്ഷേപമായ അധികഭൂമിയുടെ ഉടമസ്ഥത ക്രമവത്ക്കരിച്ചു നൽകുക എന്നർത്ഥമാകുന്നു;

(ഐ) "നിശ്ചയിക്കൽ" എന്നാൽ ഉടമസ്ഥാവകാശ സാക്ഷ്യപത്രം അനുവദിക്കുന്നതിനുള്ള അർഹത ഉറപ്പാക്കൽ എന്നർത്ഥമാകുന്നു.

3. ഈ ആക്റ്റിന് അധിപ്രഭാവം ഉണ്ടായിരിക്കുമെന്ന്.—തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമങ്ങളിലും ചട്ടങ്ങളിലും എന്തുതന്നെ അടങ്ങിയിരുന്നാലും അധികഭൂമി, [***] ഉടമസ്ഥാവകാശം, ഡിജിറ്റൽ റീസർവ്വേ, അധികഭൂമി [***] സംബന്ധിച്ച

ഉടമസ്ഥാവകാശ സാക്ഷ്യപത്രം മുതലായവയിൽ, ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്യുന്ന സംഗതികൾക്ക് മറ്റു നിയമങ്ങളുടെയും ചട്ടങ്ങളുടെയും മേൽ അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

4. [***] ഉടമസ്ഥാവകാശ സാക്ഷ്യപത്രം അനുവദിക്കൽ.—(1) അധികഭൂമി രേഖപ്പെടുത്തപ്പെട്ട സംഗതികളിൽ നിർണ്ണയിക്കപ്പെടുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും പരിധിക്കും വിധേയമായി നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനത്തിന് നിർണ്ണയിക്കപ്പെടുന്ന പ്രകാരം അധികഭൂമിക്ക് ഉടമസ്ഥത നിശ്ചയിച്ചും ക്രമവത്ക്കരിച്ചും, ഉടമസ്ഥവകാശ സാക്ഷ്യപത്രം അനുവദിക്കാവുന്നതാണ്:

എന്നാൽ, അധികഭൂമി ഉൾപ്പെടുന്ന സ്വകാര്യഭൂമിയുടെ സബ് ഡിവിഷൻ ഉൾപ്പെടുന്ന സർവ്വേ നമ്പറിനോട് ചേർന്ന് സർക്കാർ ഭൂമി ഉണ്ടായിരിക്കുന്നപക്ഷം, അത്തരം സർക്കാർ ഭൂമിയുടെ വിസ്തീർണ്ണത്തിൽ കുറവുണ്ടാകുന്ന വിധത്തിൽ സ്വകാര്യഭൂമിയിലെ അധികഭൂമിക്ക് ഉടമസ്ഥാവകാശ സാക്ഷ്യപത്രം അനുവദിക്കുന്നതല്ലാത്തതാണ്.

[***]

(2) ഉടമസ്ഥാവകാശ സാക്ഷ്യപത്രം, അപ്രകാരമുള്ള അധിക ഭൂമിയുടെ ആധികാരിക രേഖ ആയിരിക്കുന്നതാണ്.

(3) അധികഭൂമി ക്രമവത്ക്കരിക്കുന്നത് സംബന്ധിച്ച് തർക്കമുള്ളപക്ഷം, ആയത് പരിഹരിച്ച ശേഷം മാത്രമേ സാക്ഷ്യപത്രം അനുവദിക്കുവാൻ പാടുള്ളു.

(4) ഈ ആക്റ്റിന്റെയും ചട്ടത്തിന്റെയും കീഴിലുള്ള അധികാരസ്ഥാനം എടുത്ത തീരുമാനത്തെത്തുടർന്ന് സങ്കടമനുഭവിക്കുന്ന ഏതൊരാളിനും അപ്രകാരമുള്ള തീരുമാനത്തിന്റെ തീയതി മുതൽ അറുപത് ദിവസത്തിനകം നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനം മുമ്പാകെ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ [***] അപ്പീൽ സമർപ്പിക്കാവുന്നതാണ്:

എന്നാൽ, യഥാസമയം അപ്പീൽ ഫയൽ ചെയ്യാതിരുന്നതിന് മതിയായ കാരണമുണ്ടായിരുന്നുവെന്ന് അപ്പീൽ അധികാരിക്ക് ബോധ്യമാകുന്നപക്ഷം, കാലതാമസം മാപ്പാക്കി അപ്പീൽ കാലാവധി [***] ദീർഘിപ്പിച്ച് നൽകുന്നതിന് അദ്ദേഹത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.

5. സാക്ഷ്യപത്രത്തിന്റെ പുനഃപരിശോധന.—ഈ ആക്റ്റ് പ്രകാരം അനുവദിക്കുന്ന ഉടമസ്ഥാവകാശ സാക്ഷ്യപത്രത്തിൽ എന്തെങ്കിലും പിശക് കണ്ടെത്തുന്നപക്ഷമോ തെറ്റായ രേഖകൾ അടിസ്ഥാനമാക്കിയാണ് സാക്ഷ്യപത്രം അനുവദിച്ചിട്ടുള്ളത് എന്ന് കാണുന്നപക്ഷമോ അപ്രകാരമുള്ള സാക്ഷ്യപത്രം അനുവദിച്ച അധികാരിക്ക് സ്വമേധയായുള്ള നടപടികളിലൂടെയോ അപേക്ഷകളുടെ അടിസ്ഥാനത്തിലോ, ആയത് പുനഃപരിശോധിക്കാവുന്നതും ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതുമാണ്:

എന്നാൽ, ഇപ്രകാരം തീരുമാനം കൈക്കൊള്ളുന്നതിനുമുമ്പ് ബന്ധപ്പെട്ട കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്:

എന്നുമാത്രമല്ല, ഉടമസ്ഥാവകാശ സാക്ഷ്യപത്രം ചോദ്യംചെയ്തുകൊണ്ടുള്ള അപ്പീലോ കോടതി കേസോ നിലനിൽക്കുന്ന സംഗതിയിൽ ഇത്തരത്തിലുള്ള തിരുത്തൽ നടപടികൾ സ്വീകരിക്കുവാൻ പാടുള്ളതല്ല.

6. സിവിൽ കോടതികളുടെ അധികാരികതയ്ക്ക് വിലക്ക്.—ഈ ആക്റ്റ് പ്രകാരം ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾ പരിഗണിച്ച് തീർപ്പാക്കേണ്ടതോ തീരുമാനിച്ച് ഉത്തരവ് നൽകേണ്ടതോ ആയ ഏതെങ്കിലും അപേക്ഷയോ സംഗതിയോ, തീർപ്പാക്കുവാനോ തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ നിശ്ചയിക്കുവാനോ ഉള്ള അധികാരികത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

7. വ്യക്തികളെ വിളിച്ചുവരുത്തുന്നതിനും തെളിവെടുപ്പ് നടത്തുന്നതിനുമുള്ള അധികാരം.—ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം, അധികഭൂമി [***] സംബന്ധിച്ച് തീരുമാനം എടുക്കുന്നതിലേയ്ക്കായി, ചുമതലപ്പെട്ട അധികാരസ്ഥാനത്തിനും അപ്പീൽ അധികാരിക്കും തൽസമയം പ്രാബല്യത്തിലുള്ള 1908-ലെ സിവിൽ നടപടി നിയമസംഹിതക്ക് (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച്, അതായത്:—

(എ) ഏതെങ്കിലും ആളെ വിളിച്ചുവരുത്തുന്നതിനും ഹാജരാക്കൽ ഉറപ്പുവരുത്തുന്നതിനും;

(ബി) ഏതെങ്കിലും പ്രമാണം കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും;

(സി) സത്യപ്രതിജ്ഞയിന്മേലോ സത്യവാങ്മൂലത്തിലോ തെളിവു സ്വീകരിക്കുന്നതിനും;

(ഡി) ഏതെങ്കിലും പൊതുരേഖ ആവശ്യപ്പെടുന്നതിനും;

(ഇ) സാക്ഷികളെ വിസ്തരിക്കുന്നതിനായി കമ്മീഷനെ നിയമിക്കുന്നതിനും;

(എഫ്) അതിന്റെ ഉത്തരവുകളും തീരുമാനങ്ങളും നിർദ്ദേശങ്ങളും അവലോകനം ചെയ്യുന്നതിനും; [***]

(ജി) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും സംഗതികളിലും

ഉണ്ടായിരിക്കുന്നതാണ്.

8. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം</u>.—(1) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം സർക്കാരിന്, ആക്റ്റിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്ത വിധത്തിൽ ഉത്തരവ് വഴി, അത്തരം വൈഷമ്യം നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന് രണ്ടുവർഷത്തിനു ശേഷം അപ്രകാരമുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഉത്തരവുകൾ അങ്ങനെയുള്ള ഉത്തരവുകൾ പുറപ്പെടുവിച്ച ശേഷം കഴിയുന്നത്രവേഗം സർക്കാർ, നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

9. <u>ചട്ടങ്ങളുണ്ടാക്കുവാനുള്ള അധികാരം</u>.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയ ശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാലുദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ പ്രകാരം മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതായിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2025 ഒക്ടോബർ 6.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*